# Malayala Manorama
# 28 August 2018
# Thiruvananthpuram, After Flood, Flood Relief Fund

## ദുരിതാശ്വാസത്തിനു പ്രത്യേക അക്കൗണ്ടും ട്രൈബ്യൂണലും വേണമെന്നു യുഡിഎഫ്

### ഓഖിക്കായി കിട്ടിയ തുക ചെലവാക്കിയില്ലെന്നു രേഖ

**മനോരമ ലേഖകൻ**

തിരുവനന്തപുരം • ഓഖി ഫണ്ട് ദുരനുഭവമായ പശ്ചാത്തലത്തിൽ പ്രളയക്കെടുതിയിലേക്കു ലഭിക്കുന്ന ധനസഹായം പ്രത്യേക അക്കൗണ്ടിനു കീഴിലാക്കണമെന്നു യുഡിഎഫ് ആവശ്യപ്പെട്ടു. അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി ലഭിക്കാൻ പ്രത്യേക ട്രൈബ്യൂണൽ ആരംഭിക്കണമെന്നും നിർദേശിച്ചു.

'കേരള വെള്ളപ്പൊക്ക ദുരിത ബാധിതർക്കുള്ള നഷ്ടപരിഹാര (തീർപ്പു കൽപിക്കൽ) ട്രൈബ്യൂണൽ' സ്കീമിന്റെ രൂപരേഖ തയാറാക്കിയ യുഡിഎഫ് യോഗം, അതു തിരക്കിട്ടു മുഖ്യമന്ത്രി പിണറായി വിജയനു കൈമാറി. ട്രൈബ്യൂണൽ നിയമപരമായി എങ്ങനെ പ്രവർത്തിക്കുമെന്നതു വിശദമാക്കുന്നതാണു രൂപരേഖ.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു ലഭിക്കുന്ന തുക മുഖ്യമന്ത്രിക്കോ സർക്കാരിനോ ഏതാവശ്യത്തിനും ചെലവഴിക്കാമെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ചൂണ്ടിക്കാട്ടി. കേരളം ഒരുകാലത്തും കണ്ടിട്ടില്ലാത്ത പ്രതിസന്ധിയെ നേരിടുമ്പോൾ അതു തരണം ചെയ്യാനായി ലഭിക്കുന്ന സഹായം അതേ ആവശ്യത്തിനു തന്നെ വിനിയോഗിച്ചിരിക്കണമെന്നതു പൊതുവായ ആവശ്യമാണ്. ദുരിതാശ്വാസത്തിനുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് ഇതിനകം പരാതികൾ ഉയർന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകുന്നതിനെ തങ്ങളാരും എതിർക്കുന്നില്ല. യുഡിഎഫ് നേതാക്കളും എംഎൽഎമാരുമെല്ലാം ഇതിനകം അതു ചെയ്തുകഴിഞ്ഞു. എന്നാൽ, പ്രത്യേക അക്കൗണ്ട് തുറന്നുകൊണ്ട് അതു കൂടുതൽ സുതാര്യമാക്കണം.

ഓഖിദുരന്തവുമായിബന്ധപ്പെട്ടു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏപ്രിൽ 20 വരെ 104.24 കോടി രൂപ ലഭിച്ചുവെന്നു വിവരാവകാശരേഖ അടിസ്ഥാനമാക്കി പ്രതിപക്ഷ നേതാവ് പറഞ്ഞു. എന്നാൽ, അതേ തീയതിയിൽ ഇതിനായി ചെലവാക്കിയത് 25.11 കോടി മാത്രമാണ്. എല്ലാം നഷ്ടപ്പെട്ടവർക്കു ബദൽ ജീവനോപാധിയടക്കം അന്നു വാഗ്ദാനം ചെയ്ത ഒരു കാര്യവും നടപ്പാക്കിയില്ല. അതിന്റെ തനിയാവർത്തനം വെള്ളപ്പൊക്കക്കെടുതിയുടെ കാര്യത്തിൽ ഉണ്ടാകരുതെന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത സർക്കാരിനുണ്ട്.

ഓർഡിനൻസ് മുഖേന രൂപീകരിക്കാൻ കഴിയുന്ന ട്രൈബ്യൂണലിനെക്കുറിച്ച് ഓർഡിനൻസിന്റെ സ്വഭാവമുള്ള രൂപരേഖയാണു യുഡിഎഫ് മുഖ്യമന്ത്രിക്കു നൽകിയത്. ട്രൈബ്യൂണലിൽ കേസ് റജിസ്റ്റർ ചെയ്താൽ മൂന്നു മാസത്തിനകം തീർപ്പുണ്ടാക്കണം. വിധി കഴിഞ്ഞാൽ 15 ദിവസത്തിനകം തുക ട്രൈബ്യൂണലിൽ സർക്കാർ നിക്ഷേപിക്കണമെന്നും വ്യവസ്ഥ വച്ചു.

### 'മൂന്നു മന്ത്രിമാരുടെ വീഴ്ചയുടെ ഫലം'

തിരുവനന്തപുരം • പ്രളയദുരന്തത്തിന്റെ പേരിൽ മൂന്നു മന്ത്രിമാരുടെ രാജിക്കായി സമരരംഗത്തിറങ്ങണമെന്നു യുഡിഎഫ് യോഗത്തിൽ പൊതുവികാരം. അടുത്ത അവസരത്തിൽ ഇക്കാര്യം ഉന്നയിക്കാമെന്ന് ഒടുവിൽ ധാരണയായി.

റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ, ജലവിഭവമന്ത്രി മാത്യു ടി.തോമസ്, വൈദ്യുതിമന്ത്രി എം.എം.മണി എന്നിവരുടെ വീഴ്ചകളും ഏകോപനക്കുറവുമാണു കേരളത്തെ ദുരന്തത്തിലേക്കു നയിച്ചതെന്ന വികാരം യോഗത്തിലുണ്ടായി. ഇന്ത്യക്കു പുറത്തായിരുന്നുവെങ്കിൽ ഈ മൂന്നുപേരും രാജിവച്ചു നിയമനടപടി നേരിടേണ്ടിവരുമായിരുന്നുവെന്ന് എൻ.കെ.പ്രേമചന്ദ്രൻ പറഞ്ഞു. അനിയന്ത്രിതമായി മഴ പെയ്തപ്പോൾ അനിയന്ത്രിതമായി അണക്കെട്ടു തുറന്നുവിടുകയെന്ന പോംവഴിയാണ് ഇവരെല്ലാം കൂടി ചേർന്നു സ്വീകരിച്ചത്. മുഖ്യമന്ത്രിയുടെ ഓഫിസ് പൂർണപരാജയമായി. കേരളത്തെ ദുരന്തക്കടലിലാക്കിയശേഷം രക്ഷകവേഷം കെട്ടിയാടുകയാണു സർക്കാർ. ഇതു തുറന്നുകാണിക്കാനുള്ള നടപടികളിലേക്ക് ഐക്യത്തോടെ കടക്കണമെന്ന അഭിപ്രായമാണു മുന്നണിയിലുയർന്നത്.